**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4386** **01-07-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴക്കൂട്ടം സബ് ട്രഷറിയിൽ ജീവനക്കാർ വ്യാജ ചെക്കുകൾ ഉപയോഗിച്ച് പതിനെട്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റു ട്രഷറികളിൽ സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുമോ; | (എ) | കഴക്കൂട്ടം സബ് ട്രഷറിയിൽ സംഭവിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ മറ്റു ട്രഷറികളിൽ സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതാണ്. |
| (ബി) | ട്രഷറി സംവിധാനത്തിന്റെ വിശ്വാസ്യത ഇല്ലാതാക്കുന്ന ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 1. ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കായി ബില്ല്/ചെക്ക് എന്നിവ ട്രഷറി തലത്തിൽ സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷനുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>2. ജീവനക്കാർ വിരമിച്ചാലോ ലീവിൽ പ്രവേശിച്ചാലോ എൽ.പി.ആർ-ൽ പ്രവേശിച്ചാലോ വി.ആർ.എസ് എടുത്താലോ അവരുടെ യൂസർ ഐ.ഡി-യും പാസ്സ് വേർഡും സ്വയം നിർജ്ജീവമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സസ്പെൻഷൻ ആകുന്ന ജീവനക്കാരെ Offboard ചെയ്യുന്നത് ട്രഷറി ഡയറക്ടറേറ്റിലെ വിജിലൻസ് പരിശോധിക്കുന്നുണ്ട്.<br><br>3. വകുപ്പിലെ ജീവനക്കാർക്ക് ഓഫീസിൽ ഹാജരായി ബയോമെട്രിക്ക് പഞ്ചിംഗ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന OTP-യും Password-ഉം മൾട്ടി-ഫാക്ടർ ഓതന്റിഫിക്കേഷൻ എന്നിവ ഉപയോഗിച്ച് മാത്രമേ ട്രഷറി കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ ലോഗിൻ ചെയ്യാൻ സാധിക്കുകയുള്ളൂ.<br><br>4. ഓരോ ട്രഷറി ജീവനക്കാർക്കും അനുവദിച്ചിട്ടുള്ള IP ഉപയോഗിച്ചുകൊണ്ട് അതേ IP Bind ചെയ്തിട്ടുള്ള കമ്പ്യൂട്ടറിലൂടെ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. |

5. സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുള്ളതും അവയുടെ കാലാവധി കഴിയുന്ന മുറക്ക് വീണ്ടും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം എല്ലാ ആപ്ലിക്കേഷനുകളുടെയും Functional Auditനടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. എല്ലാ ട്രഷറി ഇൻററർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളിലും സുരക്ഷ ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി SSL(Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആയവ കാലാവധി കഴിയുന്ന മുറക്ക് പുതുക്കി വരുന്നു.

7. ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക രേഖകൾ കൃത്യമാണെന്ന് ഉറപ്പവരുത്തുന്നതിനായി ട്രഷറി ആപ്ലിക്കേഷനുകളിലേക്കുള്ള പ്രവേശനം SPARK-ൽ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് നൽകി വരുന്നത്.

8. ISO 27001:2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ട്രഷറികളിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ചതിലൂടെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നിരീക്ഷണ ഫൂട്ടേജുകളുടെ സംഭരണവും മാനേജ്മെന്റും കൂടുതൽ കാര്യക്ഷമവും സൗകര്യപ്രദവുമായി നിർവ്വഹിക്കാൻ കഴിയുന്നു. ക്രമക്കേടുകൾ കൃത്യമായി കണ്ടെത്തുന്നതിനും സംശയിക്കുന്നവരെ കൂടുതൽ എളുപ്പത്തിലും വേഗതയിലും കൃത്യതയിലും തിരിച്ചറിയുന്നതിനും ക്യാമറയുടെ കൃത്യമായ ഉപയോഗത്തിലൂടെ സാധ്യമാകുന്നുണ്ട്.

9. ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പ വരുത്തുന്നതിനായി ഇടപാടുകാരുടെ പാസ്സ്വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധിതമായി മാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ് സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന സംവിധാനങ്ങൾ കൂടി പുതുതായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1. ട്രഷറി അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കപ്പെടുമ്പോൾ അക്കൗണ്ട് ഉടമയുടെ

| | | | |
|---|---|---|---|
| | | | രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>2 ട്രഷറി അക്കൗണ്ടുടമകളുടെ പേരിൽ ചെക്ക് ബുക്ക് നൽകുമ്പോഴും രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു.<br><br>3. ഓൺലൈൻ ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി eKYC സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>4. ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>5. അക്കൗണ്ടുടമ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് (Messenger) ചെക്ക് ബുക്ക് നൽകുന്ന പ്രവണത ഒഴിവാക്കുകയും അക്കൗണ്ടുടമയുടെ പേരിൽ ആയത് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്റൽ അധികാരികളുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കഴക്കൂട്ടം സംഭവത്തിന് മുൻപും ശേഷവും മേൽപ്രകാരം നടപ്പിലാക്കിയിട്ടുള്ള /ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ/ സെക്യൂരിറ്റി സംവിധാനങ്ങൾ ട്രഷറി സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ ഫലപ്രദമായവയാണ്. ട്രഷറി അക്കൗണ്ടുടമകളുടെ പേരിൽ ചെക്ക് ബുക്ക് നൽകുമ്പോഴും രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്തുന്നതും ഓൺലൈൻ ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി e-KYC സംവിധാനം നടപ്പിലാക്കുന്നതും ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കുന്നതും അക്കൗണ്ടുടമ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് (Messenger) ചെക്ക് ബുക്ക് നൽകുന്ന പ്രവണത ഒഴിവാക്കുന്നതും അക്കൗണ്ടുടമയുടെ പേരിൽ ആയത് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്ന വ്യവസ്ഥയും ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ